കേരളസർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് - ഭരണഭാഷാ വർഷാഘോഷം 2017 നവംബർ 1 മുതൽ 2018 ഒക്ടോബർ 31 വരെ ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്**

**സ.ഉ.(കയ്യെഴുത്ത്) നം.19/2017/ഉഭപവ. തിരുവനന്തപുരം, തീയതി, 27.09.2017**

---

പരാമർശം: 1. സ.ഉ. (കയ്യെഴുത്ത്) നം.38/2012/ഉഭപവ. തീയതി 20.07.2012.
2. സ.ഉ. (കയ്യെഴുത്ത്) നം.5/2014/ഉഭപവ. തീയതി 05.02.2014.
3. സ.ഉ. (കയ്യെഴുത്ത്) നം.35/2014/ഉഭപവ. തീയതി 17.10.2014.
4. സ.ഉ. (കയ്യെഴുത്ത്) നം.35/2015/ഉഭപവ. തീയതി 28.11.2015
5. സ.ഉ. (കയ്യെഴുത്ത്) നം.392/2016/ഉഭപവ. തീയതി 05.10.2016

**ഉത്തരവ്**

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി പരാമർശം 1 ലെ സർക്കാർ ഉത്തരവു പ്രകാരം 2012 നവംബർ 1 മുതൽ ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആഘോഷിച്ചിരുന്നു. എന്നാൽ വേണ്ടത്ര ഭാഷാ പുരോഗതി കൈവരിക്കാൻ കഴിയാതിരുന്നതിനാൽ തുടർന്ന് പരാമർശം 2,3,4,5 -ലെ ഉത്തരവുകൾ പ്രകാരം ഭരണഭാഷാ വർഷാഘോഷം 2017 ഒക്ടോബർ 31 വരെ ദീർഘിപ്പിച്ചിരുന്നു.

എന്നാൽ മേൽപ്പറഞ്ഞ കാലയളവിൽ ഭാഷാമാറ്റ പുരോഗതിയിൽ കാര്യമായ മാറ്റം ഉണ്ടായെങ്കിലും 100% മാറ്റം കൈവരിക്കാൻ മിക്ക സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും കഴിഞ്ഞിട്ടില്ല. മലയാളം കമ്പ്യൂട്ടിംഗിൽ (യൂണികോഡ്) എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുക, ഭരണഭാഷാ പ്രവർത്തനങ്ങളിലും ഭരണഭാഷാ പുരസ്കാരം നല്കുന്നതിലും ക്ലാസ് I & II ഓഫീസർമാരുടെയും പ്രാതിനിധ്യം ഉറപ്പു വരുത്തുക. വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കൽ, കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ എന്നിവയുടെ പരിഭാഷ സംബന്ധിച്ച നടപടികളും പൂർത്തീകരിക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ 61-ാം വാർഷിക വേളയിൽ ഭരണഭാഷാ വർഷാഘോഷം 2017 നവംബർ 1 മുതൽ 2018 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത കാലയളവിൽ പ്രത്യേക കർമ്മപരിപാടി തയാറാക്കി ഭാഷാമാറ്റ പ്രവർത്തനങ്ങൾ തുടരേണ്ടതാണെന്നും, ഔദ്യോഗികഭാഷ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചു വരുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കപ്പെട്ട് സംസ്ഥാനത്ത് ഭരണഭാഷ പൊതുഭാഷയായ മാതൃഭാഷയിലാണെന്ന് ഉറപ്പു വരുത്തേണ്ടതും ആയതിലേക്കുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത നടപടി റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്നും സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾക്കും എല്ലാ സർക്കാർ വകുപ്പുകൾക്കും ജില്ലാ കളക്ടറേറ്റുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ/ അർദ്ധസർക്കാർ/ സ്വയംഭരണ/സഹകരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ആർ.ജ്യോതിലാൽ
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/വകുപ്പുതലവന്മാർ/ജില്ലാ കളക്ടർമാർ.
സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ പൊതുമേഖല/ അർദ്ധ സർക്കാർ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ തലവന്മാർ
സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെ എല്ലാ സെക്ഷനുകൾക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Ajith
സെക്ഷൻ ഓഫീസർ

To

രജിസ്ട്രാർ

**മഹാത്മാഗാന്ധി സർവകലാശാല**

പുറത്തെഴുത്ത് നം.7404/എ.3/2/2017/ഭ.വി. തീയതി :18/12/2017

മിനിറ്റ്സ് ഇനം നം.175/17.15/172338 തീയതി 29/11/2017 അനുസരിച്ച് സ.ഉ. (കൈയ്യെഴുത്ത്) നം.19/2017/ഉഭപവ തീയതി 27/09/2017 മഹാത്മാഗാന്ധി സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു. ഇതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റൻറ് രജിസ്ട്രാർ I (ഭ.വി.)
രജിസ്ട്രാർക്കു വേണ്ടി

1) വൈസ് ചാൻസിലർ/പ്രോ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
2) രജിസ്ട്രാർ/എഫ്.ഒ./ സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ.
3) എഡി എ I/എ II/ എ IV/ എ V/എഡി എ IX/എഫ് സി സി /ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ/ഇൻഫർമേഷൻ സെന്ററുകൾ.
4) ജോയിൻറ് ഡയറക്ടർ, .
   കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറ്,
   മഹാത്മാഗാന്ധി സർവകലാശാല
5) എ.ആർ.I/ഡി.ആർ.I/ജെ.ആർ.I (ഭ.വി.)/എ.സി.സി.സെക്ഷൻ
6) പി.ആർ.ഒ./സിസ്റ്റം അഡ്മിനിസ്ട്രേഷൻ/സി.എം.എസ്. (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
7) സ്റ്റോക്ക് ഫയൽ/റെക്കോർഡ്സ് സെക്ഷൻ.
8) ഫയൽ കോപ്പി.

ഫയൽ നം.എ.ഡി.എ.III/2/3/2014/ഭ.വി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ